"മദ്യവിമുക്തം കേരളം" പദ്ധതി

88 (89) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മദ്യവിമുക്ത കേരളം' പദ്ധതി നടപ്പാക്കിത്തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സ്കൂൾ-കോളേജ് കാമ്പസുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയ പരിപാടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സന്നദ്ധ സംഘടനകൾ, സർക്കാർ മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തവും സഹകരണവും പ്രസ്തുത പരിപാടിക്ക് പ്രയോജനപ്പെടുത്തുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വിവിധ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മദ്യവിമുക്തമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു.

(ബി) മദ്യത്തിന്റെ ദുഷ്യഫലങ്ങൾ സംബന്ധിച്ച ആശയങ്ങൾ സമൂഹത്തിന്റെ നാനാതുറകളിലും എത്തിക്കുകയും, മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടംഘട്ടമായി 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദുഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാന്മാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾതലത്തിൽ 1298 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 165 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി

LIBRARY ARCHIVES Kerala Legislative Assembly

പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ.

(ഡി) സന്നദ്ധ സംഘടനകളുടേയും നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, വിവിധ സർക്കാർ വകപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടിയാണ് ഇത്തരം പ്രവർത്തനങ്ങൾ നിലവിൽ നടത്തിവരുന്നത്.

ഡോ. കെ. വിജയകുമാർ കമ്മിറ്റി റിപ്പോർട്ട്

89 (90) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം സമൂഹത്തിലും സാമ്പത്തിക മേഖലയിലും ഉണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ഡോ. കെ. വിജയകുമാർ കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പഠനത്തിനായി ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരുന്നത് ;

(സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കാമോ ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

ഡോ. കെ. വിജയകുമാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പഠനത്തിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly